'ഭരണഭാഷ-മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ്- ബഹുമാനപ്പെട്ട കോട്ടയം ഇ.സി.സി മുമ്പാകെയുള്ള ഇ.സി.സി 134/14(WCC 26/2010) നമ്പർ വ്യവഹാരത്തിന്റെ 30/05/2024 തീയതിയിലെ വിധി തുക കെട്ടിവയ്ക്കുന്നതിനുള്ള സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (സാധാ) നം. 7623/2024/ധന** **തീയതി,തിരുവനന്തപുരം, 14/10/2024**

പരാമർശം :- 1. ബഹുമാനപ്പെട്ട കോട്ടയം ഇ.സി.സി മുമ്പാകെയുള്ള ഇ.സി.സി 134/14 (WCC26/2010) നമ്പർ വ്യവഹാരത്തിന്റെ 30/05/2024 തീയതിയിലെ വിധി

2. 26/09/2024 തീയതിയിലെ ഇൻഷ്വറൻസ് ഡയറക്ടറുടെ കെ.എസ്.ഐ.ഡി /സ്യൂട്ട്/ എസ് 4 / ECC 134/14(WCC 26/2010) നമ്പർ കത്ത്

**ഉത്തരവ്**

ഇൻഷ്വറൻസ് വകുപ്പിൽ പരിരക്ഷയുണ്ടായിരുന്ന KL-05-E-3139 എന്ന വാഹനം 14/04/2000 തീയതിയിൽ അപകടത്തിൽപ്പെട്ടുകയും സി.ഡി റോയി എന്ന വ്യക്തി മരണപ്പെടുകയും ചെയ്തു. ഹർജിക്കാർ വകുപ്പിനെ രണ്ടാം എതിർ കക്ഷിയാക്കി ബഹുമാനപ്പെട്ട കോട്ടയം ഇ.സി.സി മുമ്പാകെ ഇ.സി.സി 134/14(WCC 26/2010) നമ്പർ നഷ്ടപരിഹാര ഹർജി ഫയൽ ചെയ്തു. ഇ.സി.സി കോട്ടയം പരാമർശം 1 ലെ വിധി പ്രകാരം 4,42,740/- (നാല് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി എഴുന്നൂറ്റി നാൽപ്പത് രൂപ മാത്രം) അപകടം നടന്ന തീയതിയായ 14/04/2000 മുതൽ 12% പലിശയടക്കവും, കോടതി ഫീസിനത്തിൽ 1,015/-രൂപയും മരണാനന്തര ചെലവിനത്തിൽ 5,000/- രൂപയും കോസ്റ്റ് ഇനത്തിൽ 885/-രൂപയും കെട്ടിവയ്ക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ടി വ്യവഹാരത്തിന്മേൽ അപ്പീലിന് സാധ്യതയുണ്ടെന്ന് ഗവൺമെന്റ് പ്ലീഡറും, വകുപ്പ് ലോ ഓഫീസറും നിയമോപദേശം നൽകിയിട്ടുണ്ട്. എന്നാൽ പരാമർശം (1) വിധിയിൽ, വിധി തുക കെട്ടിവച്ചതിനുശേഷം മാത്രമേ അപ്പിൽ നൽകാൻ സാദ്ധ്യമാകു എന്നു പരാമർശിച്ചിട്ടുള്ളതിനാൽ പ്രസ്തുത തുക കെട്ടിവയ്ക്കുന്നതിന് അനുമതി നൽകണമെന്ന് ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കോട്ടയം ഇ.സി.സി-യുടെ പരാമർശം (1 ) വിധി പ്രകാരം അനുവദിച്ച 4,42,740/- (നാല് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി എഴുന്നൂറ്റി നാൽപ്പത് രൂപ മാത്രം) അപകടം നടന്ന തീയതിയായ 14/04/2000 മുതൽ 12% പലിശ നിരക്കിൽ കോടതിയിൽ കെട്ടി വയ്ക്കാൻ ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പലിശ തുകയുടെ കൃത്യത ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

3. പ്രസ്തുത ചെലവ് "8011-ഇൻഷ്വറൻസ് ആന്റ് പെൻഷൻ ഫണ്ട്-105-സംസ്ഥാന ഗവൺമെന്റ് ഇൻഷ്വറൻസ് ഫണ്ട്-98(01) ആക്സിഡന്റ് ഇൻഷ്വറൻസ് ഫണ്ട്" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീനി.ജി**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം
ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (ഇ. 2925462/എസ്റ്റാ.ഡി3/58/2024 )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ